# മൊഴി

## ഡിജിറ്റൽ മാഗസിൻ



## ജി എച്ച് എസ് വാരാമ്പറ്റ

ghsvarambetta@gmail.com

673575

## ഉള്ളടക്കം


| നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആശംസകൾ | 3,4 |
| 2 | സ്കൂളിലെ അധ്യാപകർ | 5 |
| 3 | ചരിത്രം | 6 |
| 4 | വിദ്യാലയത്തിലേക്കുള്ള വഴി | 8 |
| 5 | ക്ലബ്ബുകൾ | 9 |
| 6 | പ്രകൃതിയിൽ അലിഞ്ഞു പോകുന്ന മനസ്സ് | 10 |
| 7 | The plague | 11 |
| 8 | എലി.. എഷമ | 12 |
| 9 | ഓർമയില്ലെങ്കിലും ഓർക്കുവാൻ | 13 |
| 10 | കാക്കയും പാമ്പും | 14 |
| 11 | മഹാത്മാ ഗാന്ധി | 15 |
| 12 | ഏകാന്തത | 16 |
| 13 | ഹരിതഗൃഹ പ്രഭാവം | 17 |
| 14 | അമ്മ | 18 |
| 15 | ഹിരോഷിമ ദിന പോസ്റ്റർ | 19 |
| 16 | വിദ്യാലയ മുറ്റം | 20 |
| 17 | ഫ്രീഡം ഫെസ്റ്റ് | 21 |
| 18 | ജൂൺ 5 | 23 |
| 19 | ഡിജിറ്റൽ മാഗസിൻ (അറബിക് ) | 26 |
| 20 | കായികം | 27 |
| 21 | ഒപ്പന | 28 |
| 22 | എന്റെ മൈസൂർ യാത്ര | 29 |
| 23 | കോളനി സന്ദർശനം | 30 |
| 24 | സംഗ്രഹം | 31 |

# ആശംസകൾ



ജി എച്ച് എസ് വാരാമ്പറ്റ യിലെ 2024 വർഷത്തെ ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കഴിവുകളും നേട്ടങ്ങളും പ്രദർശിപ്പിക്കുന്നതിനുള്ള ഊർജ്ജസ്വലമായ വേദിയാകട്ടെ. ഡിജിറ്റൽ മാസികയുടെ പേജുകൾ നമ്മുടെ സ്കൂൾ സമൂഹത്തിന്റെ അഭിനിവേശവും അർപ്പണബോധവും പ്രതിഫലിപ്പിക്കുന്ന കഥകളാൽ നിറയട്ടെ. ഡിജിറ്റൽ മാഗസിൻ സ്കൂളിൽ പങ്കുവെച്ച മികച്ച നേട്ടങ്ങളുടെയും നല്ല അനുഭവങ്ങളുടെയും സാക്ഷ്യമാനമായി വർത്തിക്കട്ടെ.വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒരുപോലെ അഭിമാനകരമായ ഒരു ഡിജിറ്റൽ മാഗസിൻ ആശംസിക്കുന്നു......

SHYBU N K
HEAD MASTER

# ആശംസകൾ



പൊതുവിദ്യാലയങ്ങൾ ഹൈടെക് ആകുമ്പോൾ സാങ്കേതിക വൈദഗ്ധ്യം ഉള്ള ഒരു സംഘം വിദ്യാർത്ഥികളെ സ്കൂളിൽ സജ്ജരാക്കുക എന്ന പരമ പ്രധാനമായ ദൗത്യം ഫലപ്രദമായി നിർവഹിച്ചു വരികയാണ് ജിഎച്ച്എസ് വാരാമ്പറ്റയിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ആധുനിക സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നല്ല തുടക്കമെന്ന് നിലയിൽ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സർഗ്ഗ സൃഷ്ടികൾ കോർത്തിണക്കിക്കൊണ്ട് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് സർവ്വവിധ ആശംസകളും നേരുന്നു.

# സ്ക്രൂളിലെ അധ്യാപകർ.......



# ചരിത്രം


വയനാട് ജില്ലയിലെ മാനന്തവാടി താലൂക്ക് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഗ്രാമ പ്രദേശമാണ് വാരാമ്പറ്റ. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും കാർഷികവൃത്തിയെ ആശ്രയിച്ച് കഴിയുന്നവരാണ്. ജനസംഖ്യയിൽ ഭൂരിപക്ഷവും മുസ്ലിം ന്യൂനപക്ഷ വിഭാഗത്തിൽ പെട്ടവരാണ്. കൂടാതെ വലിയ നരിപ്പാറ, ചെറിയ നരിപ്പാറ, വാളാരംകുന്ന്, കൊച്ചാറ, പെരിങ്ങോട്ട്കുന്ന്, അംബേദ്കർ, ചെല്ലിയാംകുന്ന് തുടങ്ങിയ കോളനികളിൽ അധിവസിക്കുന്ന പണിയ കുറിച്യ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട ആദിവാസി ജനവിഭാഗങ്ങളും ഇവിടങ്ങളിൽ വളരെ കൂടുതലായുണ്ട്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തെ ഏക സർക്കാർ വിദ്യാഭ്യാസ സ്ഥാപനമാണ് വാരാമ്പറ്റ ഗവൺമെന്റ് ഹൈസ്കൂൾ. 1918 ൽ വാരാമ്പറ്റയ്ക്കടുത്ത ചീരോംകുന്നിൽ ഏക അധ്യാപക വിദ്യാലയമായാണ് ഈ സർക്കാർ വിദ്യാലയത്തിന്റെ തുടക്കം. പിന്നീട് ശക്തമായ കാലവർഷത്തിൽ സ്കൂളിന് സാരമായ കേടുപാടുകൾ സംഭവിച്ചതിനാൽ സ്കൂൾ അവിടെ നിന്ന് മാറ്റി പരിശുദ്ധമായ വാരാമ്പറ്റ മഖാമിനോട് ചേർന്നുള്ള സ്ഥലത്ത് ഉദാരമതികളായ നാട്ടുകാരുടെ നിർലോഭമായ സഹായസഹകരണങ്ങളിലൂടെ സ്ഥാപിതമാകുകയും ചെയ്തു. വളരെ കാലത്തോളം എൽ പി സ്കൂളായി പ്രവർത്തിക്കുകയും 1983 ൽ നാട്ടുകാരുടെ ശക്തമായ ആവശ്യത്തെത്തുടർന്ന് യു.പി സ്കൂളായി ഉയർത്തുകയും ചെയ്തു.



സ്കൂളിൽ 7ാം ക്ലാസ് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് ഹൈസ്കൂൾ പഠനത്തിനായി 6 ഉം 7 ഉം കിലോമീറ്റർ ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്ന പടിഞ്ഞാറത്തറ ഹൈസ്കൂളിനെയും വെള്ളമുണ്ട ഹൈസ്കൂളിനെയും ആയിരുന്നു ആശ്രയിക്കേണ്ടി വന്നിരുന്നത്. ഇത് കുട്ടികൾക്കും രക്ഷിതാക്കൾക്കും വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ആയതിനാൽ തന്നെ പി ടി എ യും നാട്ടുകാരും സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ അശ്രാന്ത പരിശ്രമം നടത്തുകയും നാട്ടുകാരിൽ നിന്നായി ഹൈസ്കൂളിന് വേണ്ടിയുള്ള സ്ഥലം സംഭാവനയായി ലഭ്യമാക്കുകയും ചെയ്തു. തുടർന്നും പി ടി എ യുടെ നേതൃത്വത്തിൽ ഹൈസ്കൂളിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടേയിരുന്നു. ഒടുവിൽ 2012-13 അധ്യയന വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ R M S A പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളിനെ ഹൈസ്കൂളായി പ്രഖ്യാപിച്ചതോടെ നാട്ടുകാരുടെയും രക്ഷിതാക്കളുടെയും ചിരകാലാഭിലാഷം പൂവണിഞ്ഞു. ഇതിനിടയിൽ നഴ്സറി ക്ലാസുകളും സ്കൂളിൽ ആരംഭിക്കുകയുണ്ടായി. ഇത്തരത്തിൽ നഴ്സറി തലം മുതൽ 10ാം തരം വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ നേടിയെടുക്കാൻ ഗ്രാമവാസികൾക്ക് സാധ്യമായി തീർന്നു എന്ന യാഥാർത്ഥ്യം നിലനിൽക്കെത്തന്നെ ഈ പ്രദേശത്തെ

വിദ്യാഭ്യാസ രംഗത്തെ സമഗ്ര വികസനം സാധ്യമാക്കിത്തീർക്കാൻ ഇനിയും ധാരാളം സൗകര്യങ്ങൾ സ്കൂളിന് കൈവരിക്കാനുണ്ട്. സ്കളിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം ഏറ്റവും മികവുറ്റതാക്കി ശാസ്ത്രസാങ്കേതിക രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ആധുനിക കാലഘട്ടം വിഭാവനം ചെയ്യുന്നത് പോലെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സ്കൂളിന് സാധ്യാമാവേണ്ടതുണ്ട്. തീർച്ചയായും ഇത്തരത്തിൽ സ്കൂൾ മാറുമ്പോൾ അത് ഈ പ്രദേശത്ത് ഇപ്പോൾ നിലനിൽക്കുന്ന വിദ്യാഭ്യാസ രംഗത്തെ അസമത്വം ഇല്ലാതാക്കാൻ സാധിക്കുക തന്നെ ചെയ്യും. വാരാമ്പറ്റ പ്രദേശത്തെ സാമ്പത്തികമായി ഉയർന്ന് നിൽക്കുന്ന ഒരു വിഭാഗം രക്ഷിതാക്കളുടെ കുട്ടികൾ ഹൈടെക് സൗകര്യങ്ങൾ ലഭ്യമായ സ്കൂളുകൾ തേടിപ്പോകുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ ഇവിടുത്തെ ബഹുഭൂരിപക്ഷം കുട്ടികൾക്കും കാഴ്ചക്കാരെപ്പോലെ നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരുന്ന അവസ്ഥയിൽ നിന്നുള്ള മോചനമായിരിക്കും അത്. അതോടൊപ്പം തന്നെ ഇന്ത്യക്കകത്തു നിന്നും പുറത്ത് നിന്നുമായി നിരവധി സഞ്ചാരികൾ എത്തിച്ചേരുന്ന ഏഷ്യയിലെ രണ്ടാമത്തെയും ഇന്ത്യയിലെ ഒന്നാമത്തെയും മണ്ണു കൊണ്ട് നിർമ്മിച്ച ബാണാസുര ഡാം സ്ഥിതി ചെയ്യുന്നത് സ്കൂളിന്റെ 2 കിലോമീറ്റർ പരിധിക്കുള്ളിലാണ്. സ്കൂളിന്റെ മുൻവശത്തുള്ള റോഡിലൂടെയാണ് സഞ്ചാരികൾ ഈ വിനോദ സഞ്ചാര കേന്ദ്രത്തിൽ എത്തിച്ചേരുന്നത്. വാരാമ്പറ്റ സ്കൂളിനെ ഹൈടെക് സംവിധാനത്തിലേക്ക് മാറ്റുമ്പോൾ അത് ലോകശ്രദ്ധ പിടിച്ചു പറ്റുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പലപ്പോഴും സ്കൂളിൽ വരാൻ വിമുഖത കാണിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളെ മുഴുവനായും സ്കൂളിലേക്ക് ആകർഷിക്കാൻ സാധിക്കുകയും ചെയ്യും. സ്കൂളിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന തെങ്ങുംമുണ്ട ഗവ: എൽ പി സ്കൂൾ, മൊതക്കര ഗവ: എൽ പി സ്കൂൾ, പടിഞ്ഞാറത്തറ ഇവാഞ്ചലിക്കൽ എൽ പി സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികളെ മുഴുവനായും വാരാമ്പറ്റ സ്കൂളിലേക്കു തന്നെ എത്തിക്കാനും സാധിക്കും. നിലവിൽ 3 ഏക്കർ സ്ഥലത്തായാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കൂടുതൽ സ്ഥല സൗകര്യം സ്കൂളിനോട് ചേർന്ന് തന്നെ ലഭ്യമാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ഇത് പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ കെട്ടിട സൗകര്യങ്ങൾ അനുവദിക്കപ്പെടുകയാണെങ്കിൽ വയനാട് ജില്ലയിൽ തികച്ചും അവികസിതമായി കിടക്കുന്ന വാരാമ്പറ്റ ഗ്രാമത്തിന്റെ വികസനത്തെ സംബന്ധിച്ചും ഇവിടുത്തെ ബഹുഭൂരിപക്ഷം വരുന്ന നിർധന കുടുമ്പത്തിലെ കുട്ടികളെ സംബന്ധിച്ച് അവരുടെ ഭാവി ജീവിതത്തെ ശോഭനമാക്കി തീർക്കാനുള്ള ഒരു കാൽവെപ്പായി തീരുക തന്നെ ചെയ്യും.

# വിദ്യാലയത്തിലേക്ക് എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ



# ക്ലബ്ബുകൾ

ലിറ്റിൽ കൈറ്റ് സ്
ഗ്രന്ഥശാല
ജൂനിയർ റെഡ് ക്രോസ്സ്
വിദ്യാരംഗം
സോഷ്യൽ സയൻസ് ക്ലബ്
സയൻസ് ക്ലബ്
ഗണിത ക്ലബ്
പരിസ്ഥിതി ക്ലബ്
ആർട്സ് ക്ലബ്
സ്പോർട്സ് ക്ലബ്
ഡിഎം ക്ലബ്
ടീൻസ് ക്ലബ്
ലഹരിവിമുക്ത ക്ലബ്
ഹെൽത്ത് ക്ലബ്

# പ്രകൃതിയിൽ അലിഞ്ഞു പോകുന്ന മനസ്സ്

ഞാൻ ഇവിടെ എഴുതാൻ പോകുന്നത്
നമ്മുടെ മനോഹരമായ പ്രകൃതിയെ
പറ്റിയാണ്. പ്രകൃതിയെ പറ്റി ശരിക്കും ഒന്ന് ചിന്തിച്ചു
നോക്കുക. ആ കാറ്റും പുലർച്ചെയുള്ള കിളികളുടെ
ഈണമുള്ള ഗാനങ്ങളും, പച്ചപ്പുള്ള മലനിരകളും,
സ്വാതന്ത്ര്യത്തോടെ ഒഴുകുന്ന പുഴകളും, കാറ്റിൽ ആടി
രസിക്കുന്ന മരങ്ങളും, പ്രകൃതിയുടെ കാറ്റിൽ ആസ്വദിക്കുന്ന
മൃഗങ്ങളും .. പക്ഷേ, നമ്മുടെ നാടിനെ നശിപ്പിക്കുന്നത് നാം
തന്നെയാണ് .. പുഴകളിൽ ചപ്പുചവറുകളും
ഭക്ഷ്യ മാലിന്യങ്ങളും
പ്ലാസ്റ്റിക്കുകളും ജനങ്ങൾ
നിക്ഷേപിക്കുന്നു. ഇപ്പോൾ പുഴകളിലും
തോടുകളിലും അരുവികളിലും ഒക്കെയാണ്
മാലിന്യങ്ങളുടെ സ്രോതസ്സ് ആയി
മാറുന്നത് .. അതുപോലെ മരങ്ങൾ
മുറിക്കലും വളരെ തെറ്റായ പ്രവൃത്തിയാണ്.
കാരണം, നാം ഒരു മരം മുറിക്കുമ്പോൾ നാം



നോക്കേണ്ടത് ആ മരത്തിൽ തന്റെ കുടുംബവുമായി താമസിച്ചിരുന്ന
ജീവജാലങ്ങളെയാണ്. ആ മരം മുറിക്കുമ്പോൾ ആ മരത്തെ
ആശ്രയിച്ച് ജീവിക്കുന്ന ജീവികൾക്കുണ്ടാകുന്ന വിഷമം എത്ര
വലുതായിരിക്കും? എത്ര ദുഃഖകരമായ കാര്യമാണിത്!..
മനുഷ്യർ ഒരിക്കലും മറ്റുള്ള ജീവജാലങ്ങളുടെ കാര്യം
പരിഗണിക്കാറില്ല. പ്രകൃതി നമ്മുടെ അമ്മയാണ്..
അതുപോലെ പ്രകൃതി നമ്മുടെ ഭാഗ്യമാണ്..
പ്രകൃതിയെ നാം സംരക്ഷിക്കണം.. പ്രയാസങ്ങൾ
ഉള്ള ഘട്ടത്തിൽ നമ്മുടെ മനസ്സ്




ഫെമിന ഫാത്തിമ
9B

# The Plague": An allegory of human suffering

More than seven decades before a Pandemic like covid-19 appeared and the entire mankind went through it's struggles and sufferings, the renowned French novelist Albert Camus created a brilliant novel named 'The Plague'. The novel is all about how far a place like Oran, a city in Algeria which was under French rule in 1947, was affected by the epidemic Plague.

The protagonist of the story is Dr. Bernard Rieux who is in a long lasting battle with the disease. Though it was beyond his reach, he gives his whole life for the battle against the disease. He was in charge of finding new vaccines for the epidemic and experiments with new serums to fight the disease. He loses the feelings of sentimentality at one stage of his battle as he loses his wife to the disease.




We see so many are suffering from the disease. Some other characters, Jean Tarrou, Raymond Rambert also join hands with Dr. Rieux in his fight. Finally when the epidemic was totally eradicated, the city has lost many lives.

Albert Camus created an outstanding novel in which the reader could intensly experiences human suffering during an epidemic.The author deservedly won the Nobel Prize for the novel.



JAMSHAD PORAL,
( HST ENGLISH )



# എലി ..എരുമ

ഒരിടത്തൊരിടത്ത് ഒരു എലി ഉണ്ടായിരുന്നു. ഒരു ദിവസം എലി കുഴിയിൽ വീണു. എലി കരഞ്ഞു . പി.... പി.. എലിയുടെ കരച്ചിൽ കേട്ട് എരുമ ഓടിയെത്തി. എരുമ കുഴിയിലേക്ക് എത്തിനോക്കി. പാവം എലി. എലിയെ രക്ഷിക്കാൻ എന്താണ് ഒരു വഴി. എരുമ ആലോചിച്ചു. അധികം വൈകിക്കാതെ എരുമ ഓടിപ്പോയി, ഒരു ഏണിയെടുത്ത് വന്നു. എന്നിട്ട് ഏണി കുഴിയിലേക്ക് ഇറക്കി വെച്ചുകൊടുത്തു. ഏണിയിലൂടെ

കയറിക്കൊള്ളാൻ എരുമ എലിയോട് ആവശ്യപ്പെട്ടു. ഏണിയിൽ പിടിച്ചു കയറി എലി ഒരുവിധം മുകളിലെത്തി . എലി വേഗം ഓടിപ്പോയി, മാളത്തിൽ നിന്നും ഒരു ഏത്തപ്പഴം എടുത്ത് കൊണ്ടുവന്ന് എരുമക്ക് കൊടുത്തു. എന്നിട്ട് അവർ സന്തോഷത്തോടെ പിരിഞ്ഞു....

ഹംന ഫാത്തിമ
3C

## ഓർമ്മയില്ലെങ്കിലും ഓർക്കുവാൻ...



ആഞ്ഞു നിശ്വസിച്ചു നീ..
നിന്റെ ഗർഭപാത്രത്തിന്റെ
കരുതലൂറും ചൂടിൽ നിന്നും
ഏതോ  ഒരു കൈകളിലേക്ക് ,
ആരോ പൊക്കിൾ
ക്കൊടിയടർത്തിയപ്പോൾ ഞാൻ ഉറക്കെ
കരഞ്ഞിരുന്നമ്മേ..

സാമ്രാജ്യം കീഴടക്കിയ രാജാവിനെ പോലെ
നീ
എന്റെ കൈകളെ സ്പർശിച്ചു .
എല്ലുമുറിയുന്ന വേദനയിലും നീ
പുഞ്ചിരിച്ചു ഹൃദയത്തോടു
ചേർത്തപ്പോൾ
എന്റെ സത്യത്തെ ഞാൻ കേട്ടറിഞ്ഞു.

നീ എന്റെ നെറ്റിയിൽ ചാർത്തിയ
മുത്തത്തേക്കാൾ
ഭംഗിയുള്ള കിരീടം ആരണിഞ്ഞു.
നീ പിന്നീട് ചൊല്ലി തന്ന കഥകളിലെ
മാലാഖ നീ
തന്നെയായിരുന്നില്ലേ ?
ഞാൻ അന്നു നുകർന്നുള്ള പാനീയം
സ്വർഗത്തിലേതായിരുന്നോ?

ഈർപ്പമുള്ളതും തളർന്നതു മായ നിൻ
മിഴികളിലേക്ക് നോക്കിയപ്പോൾ,
കാലങ്ങളായി നീ പറഞ്ഞു തന്ന
വിജയശ്രീലാളിതനായുള്ള നായകനെ
ഞാൻ ഓർത്തു പോയി അമ്മേ ..

നീ ചൊന്ന കഥകളിലേക്ക് ഞാൻ ,
നീ പാടിയ ഗാനങ്ങളിലേക്കു ഞാൻ ,
നിൻ മടിയിൽ
മയങ്ങിക്കിടക്കുവാൻ,
നിന്നോളമില്ലാത്ത നേരറിയാൻ..

ഇടുങ്ങിയതായിരുന്നെവെങ്കിലും നിൻ
ഗർഭപാത്രം പോൽ വിശാലമാണോ
ഈ ലോകമെന്നു ഞാൻ ശങ്കിച്ചു
പോയിടുന്നു..



നാജിയ കെ
10 B

# കാക്കയും പാമ്പും .........

പണ്ട് പണ്ട് ഒരു വലിയ

ഗ്രാമത്തിൽ രണ്ട് കാക്കയും ഒരു പാമ്പും ഉണ്ടായിരുന്നു .

കാക്കയുടെ വീട് കുന്നിൻ ചെരുവിൽ ആയിരുന്നു. ഒരു ദിവസം അവർ ഇര

തേടി പോയ സമയം ഒരു വലിയ പാമ്പ് വന്ന് മരച്ചുവട്ടിൽ കൂട് നിർമ്മിച്ചു.

രാത്രിയിലായിരുന്നു കാക്കകൾ തിരിച്ചെത്തിയത്.. പാമ്പിന്റെ കൂട് കണ്ടതും കാക്കകൾ പേടിച്ചു

വിറച്ചു.. പാമ്പ് കാണാതെയായിരുന്നു അവർ ഇര തേടാൻ പോകുന്നത് .അങ്ങനെ നാളുകൾ

കഴിഞ്ഞു. ഒരു ദിവസം കാക്ക കൂട്ടിൽ മുട്ടയിട്ടു. അങ്ങനെ ഒരു ദിവസം പാമ്പ് മരത്തിൽ തീറ്റ

തേടിയെത്തി. മുട്ട കണ്ടപ്പോൾ പാമ്പിന് വലിയ സന്തോഷമായി. പിന്നീട് കാക്ക ഇട്ട മുട്ടകൾ എല്ലാം

പാമ്പ് അതിന്റെ ഭക്ഷണമാക്കി .. ഇതിൽ സങ്കടപ്പെട്ട കാക്ക ആ ഗ്രാമത്തിലെ ഒരു

ബുദ്ധിമാനായ ആളോട് നടന്ന സംഭവം എല്ലാം പറഞ്ഞു. അയാൾ പറഞ്ഞു, നാളെ

ഫിയോണ റാണി പുഴയിൽ കുളിക്കാൻ വരുമ്പോൾ നീ അവിടെ പോകണം.

എന്നിട്ട്, റാണിയുടെ മാല പടയാളികളുടെ മുന്നിൽ വച്ച്

എടുത്തുകൊണ്ടുപോയി പാമ്പിൻറെ കൂട്ടിൽ ഇടണം. അങ്ങനെ

ചെയ്താൽ ഉറപ്പാണ് പടയാളികൾ ആ പാമ്പിനെ

കൊല്ലുമെന്ന്. അയാൾ പറഞ്ഞു. അയാൾ

പറഞ്ഞതുപോലെ കാക്ക ചെയ്തു. പിന്നീട്

കാക്കക്ക് ഒരു കുഞ്ഞു ഉണ്ടാവുകയും

സന്തോഷത്തോടെ

ജീവിക്കുകയും

ചെയ്തു....



ഷൈബ ബഷീർ

3C

## മഹാത്മാഗാന്ധി

1869 ഒക്ടോബർ 2 ഗുജറാത്തിലെ പോർബന്തർ ജില്ലയിലാണ് ഗാന്ധി ജനിച്ചത് .. പിതാവ് കരംചന്ദ് ഗാന്ധിയും മാതാവ് പുത്തലിഭായിയുടെയും മകനാണ് ഗാന്ധിജി. 'മോഹൻദാസ് കരംചന്ദ് ഗാന്ധി 'എന്നാണ് യഥാർത്ഥ നാമം. 1883 ൽ കസ്തൂർബാ ഗാന്ധിയെ വിവാഹം കഴിച്ചു. ഗാന്ധിജിക്ക് നാല് കുട്ടികളാണ്. ഹരിലാൽ , മണിലാൽ, രാംദാസ്, ദേവ്ദാസ്. ഇന്ത്യയിലും ഇംഗ്ലണ്ടിലുമായി പഠനം പൂർത്തിയാക്കിയ ഗാന്ധിജി 1891ൽ വക്കീലായി ജോലി ആരംഭിച്ചു . ജോലി ആവശ്യത്തിനായി 1893 ദക്ഷിണാഫ്രിക്കയിൽ എത്തിയ അദ്ദേഹത്തിന് വർണ്ണ വിവേചനത്തിന്റെ പേരിൽ പല ദുരിതങ്ങളും കാണുകയും അനുഭവിക്കുകയും ചെയ്തു. ഇത് അദ്ദേഹത്തിൻറെ രാഷ്ട്രീയ പ്രവേശനത്തിന് ഇടയാക്കി . ഇന്ത്യയുടെ അവകാശങ്ങൾക്കായി പോരാടിയ അദ്ദേഹം 'ഗാന്ധിജി' എന്നറിയപ്പെടാൻ തുടങ്ങി. ദക്ഷിണാഫ്രിക്കയിൽ നിന്ന് ഗാന്ധിജി 1915 ജനവരി 9 ഇന്ത്യയിൽ തിരിച്ചെത്തി. അദ്ദേഹം ബ്രിട്ടീഷുകാരുടെ കൊള്ളയ്ക്കെതിരെ പോരാടാനുള്ള ഉറച്ച മനസ്സുമായി രാഷ്ട്രീയ ജീവിതത്തിൽ സജീവമായി. സത്യവും അഹിംസയും കൈവിടാതെയുള്ള സത്യാഗ്രഹം ആയിരുന്നു അദ്ദേഹത്തിൻറെ ആയുധം. 1915 മെയ് 25ന് സത്യാഗ്രഹങ്ങൾക്കായി അഹമ്മദാബാദിൽ സത്യാഗ്രഹ ആശ്രമം സ്ഥാപിക്കുകയും പിന്നീട് സബർമതി തീരത്തേക്ക് ആശ്രമം മാറ്റിയതോടെ സബർമതി ആശ്രമം എന്നാക്കി മാറ്റുകയും ചെയ്തു. തൻറെ അനുയായികൾക്ക് മാതൃകയായി



സഹറ റുബ (5c)

# ഏകാന്തത

ശാന്തമായ ഏകാന്തതയ്ക്കിടയിൽ, ലോകം മങ്ങുന്നു,
ഏറ്റവും സൗമ്യമായ പ്രദർശനത്തിൽ നിഴലുകളുടെയും
വെളിച്ചത്തിന്റെയും നൃത്തം.
പ്രകൃതിയുടെ സിംഫണിയുടെ മന്ത്രിപ്പുകൾ, ശാന്തമായ സ്വരം,
ഏകാന്തതയുടെ ആലിംഗനത്തിൽ, അതിന്റേതായ ഒരു സൗന്ദര്യം.
രാത്രിയിൽ വിതറിയ വജ്രങ്ങൾ പോലെ മിന്നിമറയുന്ന നക്ഷത്രങ്ങൾ,
ചന്ദ്രന്റെ മൃദുലമായ വെള്ളിവെളിച്ചത്തിൽ സ്വപ്നങ്ങളുടെ ഒരു
ക്യാൻവാസ്.
ഇലകളുടെ മുഴക്കം, സാന്ത്വനിപ്പിക്കുന്ന സെറിനേഡ്,
ഈ ശാന്തമായ രക്ഷപ്പെടലിൽ ഒറ്റയ്ക്ക്,
എന്നാൽ ഏകാന്തതയില്ല.
അലഞ്ഞുനടക്കുമ്പോഴും അലയുമ്പോഴും ചിന്തകൾ
കൂട്ടാളികളാകുന്നു.
ഹൃദയത്തിന്റെ രഹസ്യ ഭവനത്തിന്റെ ആഴം പര്യവേക്ഷണം
ചെയ്യുന്നു.
നിശബ്ദതയിൽ, ഞങ്ങൾ ശക്തി കണ്ടെത്തുന്നു, കൃപ കണ്ടെത്തുന്നു,
നമ്മോടൊപ്പം മാത്രം, നമ്മുടെ സ്വന്തം വിശുദ്ധ ഇടം ഞങ്ങൾ
കണ്ടെത്തുന്നു.
ഏകാന്തതയുടെ സൗമ്യമായ ആലിംഗനത്തെ ഭയപ്പെടേണ്ടതില്ല,
കാരണം, ശാന്തമായ നിമിഷങ്ങളിൽ, നമ്മുടെ യഥാർത്ഥ കൃപ നാം
കണ്ടെത്തുന്നു.
ലോകത്തിന്റെ തുടിക്കുന്ന ഹൃദയവുമായി ഒറ്റയ്ക്ക്, എന്നിട്ടും
ബന്ധപ്പെട്ടിരിക്കുന്നു,
ഏകാന്തതയുടെ സിംഫണിയിൽ, നമ്മൾ നമ്മുടെ സ്വന്തം കല
സൃഷ്ടിക്കുന്നു.



**SHEEJA T P**
**HST HINDI**

# ഹരിതഗൃഹ പ്രഭാവം



ഭൂമിയുടെ
താപനില നിയന്ത്രിക്കുന്ന
ഒരു നിർണായക പ്രകൃതി
പ്രതിഭാസമാണ് ഹരിതഗൃഹ പ്രഭാവം.
അന്തരീക്ഷത്തിലെ ചില വാതകങ്ങൾ
സൂര്യനിൽ നിന്നുള്ള താപത്തെ
തടഞ്ഞുനിർത്തുകയും അത് ബഹിരാകാശത്തേക്ക്
മടങ്ങുന്നത് തടയുകയും ചെയ്യുമ്പോഴാണ് ഇത്
സംഭവിക്കുന്നത്. വാസയോഗ്യമായ
കാലാവസ്ഥ നിലനിർത്തുന്നതിന്
അത്യന്താപേക്ഷിതമാണെങ്കിലും, ഫോസിൽ
ഇന്ധനങ്ങൾ കത്തിക്കുക, വനനശീകരണം തുടങ്ങിയ
മനുഷ്യ പ്രവർത്തനങ്ങൾ ഈ പ്രഭാവം
വർദ്ധിപ്പിക്കുകയും ആഗോളതാപനത്തിലേക്കും
കാലാവസ്ഥാ വ്യതിയാനത്തിലേക്കും
നയിക്കുകയും ചെയ്യുന്നു. സുസ്ഥിരമായ
സമ്പ്രദായങ്ങളിലൂടെയും കാർബൺ ഉദ്‌വമനം
കുറയ്ക്കുന്നതിലൂടെയും ഈ പ്രശ്നങ്ങളെ
അഭിസംബോധന ചെയ്യുന്നത്
ആരോഗ്യകരമായ ഒരു
ഗ്രഹത്തിന്
അത്യന്താപേക്ഷിതമാ
ണ്.

ഷംന ഷെറിൻ
9C



# അമ്മ

മലനിരകളാൽ ആലിംഗനം ചെയ്യപ്പെട്ട ഒരു മനോഹരമായ പട്ടണത്തിൽ, ക്ലാര എന്നു പേരുള്ള ഒരു ഏകാകിയായ അമ്മയും അവളുടെ ഏകമകൻ എമിലിയും താമസിച്ചിരുന്നു. ശക്തിയുടെ ദീപസ്തംഭമായ ക്ലാര തന്റെ മകളെ പോറ്റാൻ അക്ഷീണം പ്രയത്നിച്ചു. സ്നേഹത്താൽ അലങ്കരിച്ചതും മിന്നുന്ന അടുപ്പിന്റെ ചൂടിൽ അലങ്കരിച്ചതുമായ ഒരു സുഖപ്രദമായ കോട്ടേജിൽ അവർ താമസിച്ചു.

തിളങ്ങുന്ന കണ്ണുകളുള്ള ജിജ്ഞാസുക്കളായ എമിലി, ലളിതമായ അത്ഭുതങ്ങളിൽ സന്തോഷം കണ്ടെത്തി. ഓരോ ദിവസവും, ക്ലാര ധൈര്യത്തിന്റെയും ദയയുടെയും കഥകൾ നെയ്തു, അവരുടെ എളിയ ഭവനത്തെ ചിരിയിൽ നിറച്ചു. സീസണുകൾ മാറിയപ്പോൾ, അവരുടെ പങ്കിട്ട കഥയുടെ അധ്യായങ്ങളും മാറി.

ശാന്തമായ സായാഹ്നങ്ങളിൽ, ക്ലാര ജനാലയ്ക്കരികിൽ ഇരുന്നു, എമിലിയുടെ ഭാവിയുടെ തുണിത്തരങ്ങളിലേക്ക് സ്വപ്നങ്ങൾ തുന്നിച്ചേർത്തു. അഭേദ്യമായ ബന്ധനത്താൽ ബന്ധിക്കപ്പെട്ട ഒരു ഏകഹൃദയത്തിന്റെ സ്വപ്നങ്ങളെ തഴുകിയിരുന്ന രാവുകളെ അലങ്കരിച്ചു.

പോരാട്ടങ്ങളിലൂടെയും വിജയങ്ങളിലൂടെയും, ക്ലാരയും എമിലിയും സഹിഷ്ണുതയുടെയും സ്നേഹത്തിന്റെയും ഒരു കഥ എഴുതി. എല്ലാ തടസ്സങ്ങളിലും, ക്ലാര ഉറച്ച ഒരു തൂണായി നിന്നു, മിടിക്കുന്ന ഒരൊറ്റ ഹൃദയത്തിനുള്ളിൽ കിടക്കുന്ന ശക്തി എമിലിയെ പഠിപ്പിച്ചു. അവരുടെ കഥ മഹത്തായ സാഹസികതകളല്ല, മറിച്ച് കാലക്രമേണ പ്രതിധ്വനിക്കുന്ന ശാന്തമായ വിജയങ്ങളുടെതായിരുന്നു.


അമ്മയുടെ കൃപയുടെ പ്രതിഫലനമായി എമിലി പൂത്തുലഞ്ഞപ്പോൾ, കുടിൽ പങ്കിട്ട സ്വപ്നങ്ങളുടെ സങ്കേതമായി മാറി. പ്രത്യാശയുടെ അനന്തമായ നിറങ്ങളാൽ അവരുടെ ലോകത്തെ വരച്ച സ്നേഹത്താൽ ബന്ധിക്കപ്പെട്ട, ഒരൊറ്റ അമ്മയുടെയും അവളുടെ പ്രിയപ്പെട്ട കുഞ്ഞിന്റെയും കൈകൾ എഴുതിയ അസാധാരണമായ കഥയുടെ സാക്ഷ്യം.

**NOOR MUHAMMED**

**9B**












## HIROSHIMA DAY POSTER

# വിദ്യാലയമുറ്റം

ആദ്യമായി ആ പടികൾ
കയറുമ്പോൾ കണ്ണുകൾ
കലങ്ങിയിരുന്നു....
അവസാനം ആ പടികൾ
ഇറങ്ങുമ്പോൾ
ഓർമ്മകളാൽ ആ
കണ്ണുകൾ
നിറഞ്ഞിരുന്നു....
കാലച്ചകളാൽ
നിറഞ്ഞിരുന്ന ആ
വരാന്ത പലർക്കും
പ്രിയപ്പെട്ടതായിരുന്നു...
ആ അവസരത്തിന്
പലരും ആ വരാന്തയെ
കൊതിച്ചു..
പല കണ്ണുകളും
യഥാസമയം മനസ്സുമായി
അവിടെയാണ്..
പലരുടെയും
വിശാലമായ ആ സദസ്സ്...

നൂറ

10A









# FREEDOM FEST


ഫുഡ് ഫെസ്റ്റ്


ഗണിത
പൂക്കളം


ഗോത്ര ഫെസ്റ്റ്

# June 5

ഈ വർഷത്തെ ജിഎച്ച്എസ് വാരാമ്പറ്റയിലെ പരിസ്ഥിതി ദിനാഘോഷം ജൂൺ 5 തിങ്കളാഴ്ച വളരെ ഗംഭീരമായി വിവിധ പരിപാടികളോടുകൂടി നടത്തി. അതിൽ ആദ്യത്തേത് സ്കൂൾ അസംബ്ലി ആയിരുന്നു. ഹെഡ്മാസ്റ്ററുടെ അസാന്നിധ്യത്തിൽ സീനിയർ അധ്യാപകൻ ഗഫൂർ സാർ ആയിരുന്നു അസംബ്ലി കോഡിനേറ്റ് ചെയ്യാൻ സഹായിച്ചത്. അസംബ്ലിയിൽ എൽ പി, യു പി, ഹൈസ്കൂൾ തലങ്ങളിലെ വിവിധ കുട്ടികൾ പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യത്തെ പറ്റിയും പരിസ്ഥിതി വിഷയവുമായി ബന്ധപ്പെട്ട് പലവിധത്തിലുള്ള പ്രസംഗങ്ങൾ അവതരിപ്പിച്ചു. അതുപോലെ പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് "ബീറ്റ് പ്ലാസ്റ്റിക് പൊല്യൂഷൻ" അതുമായി ബന്ധപ്പെട്ട കുട്ടികൾ ഉണ്ടാക്കിയ പോസ്റ്ററുകൾ പ്രദർശിപ്പിച്ചു.

അസംബ്ലിയിൽ പിടിഎ പ്രസിഡൻറ് പി സി മമ്മൂട്ടിക്ക, സീനിയർ അധ്യാപകൻ അബ്ദുൽ ഗഫൂർ പരിസ്ഥിതി ദിനത്തിൻറെ പ്രാധാന്യത്തെ പറ്റി സംസാരിക്കുകയുണ്ടായി. അസംബ്ലിക്ക് ശേഷം വൃക്ഷത്തൈ നടൽ ഉദ്ഘാടനം ചെയ്തത് പിടിഎ പ്രസിഡൻറ് പിസി മമ്മൂട്ടിക്ക ആയിരുന്നു.

കുട്ടികളും അധ്യാപകരും പിടിഎ അംഗങ്ങളും വളരെ ഏറെ താൽപര്യത്തോടെ വൃക്ഷത്തൈകൾ നട്ടുനനച്ചു, അതിനെ പരിപാലിക്കാനുള്ള തുടർനടപടികളും തീരുമാനിക്കുകയുണ്ടായി. തുടർന്ന് ഒരു പ്രത്യേകതരം ജപ്പാനീസ് തൈ നടൽ രീതി കുട്ടികളിലേക്ക് എത്തിക്കുകയുണ്ടായി. കുറെ കൊക്കോടാമകൾ പ്രദർശിപ്പിക്കുകയും ചെയ്തു . കുട്ടികളിൽ അത് കൂടുതൽ താല്പര്യം ജനിപ്പിക്കുകയും ചെയ്തു.
തുടർന്ന് കുട്ടികൾ കൊണ്ടുവന്ന പോസ്റ്ററുകൾ പ്ലക്കാർഡുകൾ ആക്കി മാറ്റി സൈക്കിൾ റാലി നടത്തുകയും ചെയ്തു..
ഉച്ചയ്ക്ക് 2 മണി തൊട്ട് മൂന്നു മണിക്കുള്ളിൽ പരിസ്ഥിതി ദിന ക്വിസ് എൽ പി

തലത്തിലും, യുപി തലത്തിലും ,ഹൈസ്കൂൾ തലത്തിലും നടത്തുകയുണ്ടായി. വിജയികളായ കുട്ടികളെ പ്രഖ്യാപിക്കുകയും ചെയ്തു.

തുടർന്ന് 'കോകേടമ ' പ്രത്യേകതരം ജപ്പാനീസ് തൈ നടൽ രീതി കുട്ടികളിലേക്ക് എത്തിക്കുകയുണ്ടായി. കുറെ കൊക്കോടാമകൾ പ്രദർശിപ്പിക്കുകയും ചെയ്തു. കുട്ടികളിൽ അത് കൂടുതൽ താല്പര്യം ജനിപ്പിക്കുകയും ചെയ്തു.

എൽ പി വിഭാഗം ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം ഹനീഫ ഫാത്തിമയും രണ്ടാം സ്ഥാനം ഷിഫാ ഫാത്തിമയും നേടി...യുപി വിഭാഗം ക്വിസ് മത്സരം ഒന്നാം സ്ഥാനം അശ്വിൻ ആദി ടീമുകൾ നേടി...യുപി വിഭാഗം പോസ്റ്റർ നിർമ്മാണം ബേസിൽ(7B), അമീന (7A), അമേയ രമേശ് (6C) എന്നിവർ അർഹരായി..
പരിസ്ഥിതി ദിന ക്വിസ് മത്സരത്തിൽ ഹൈസ്കൂൾ തലത്തിൽ ആയിഷ ഫെബിൻ (8B) ഒന്നാം സ്ഥാനവും, ലിബ പർവിൻ (8B) രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ഈ വർഷത്തെ പരിസ്ഥിതി സന്ദേശമായ "ബീറ്റ് പ്ലാസ്റ്റിക് പൊലൂഷൻ" അതിനോട് അനുബന്ധിച്ച് കുട്ടികളെ കൊണ്ട് ക്യാമ്പസ് ക്ലീനിങ് നടത്തി. തുടർന്ന് പ്ലാസ്റ്റിക് വേസ്റ്റ് നിയന്ത്രിക്കാനും വേർതിരിക്കാനും ഉള്ള ബിൻ ക്രമീകരിച്ച് വെച്ച കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകി.. സന്ദേശമല്ല പ്രവർത്തിയാണ് ലോകം ഇനി ആവശ്യപ്പെടുന്നത്. ഉരുകുന്ന ലോകത്തിന് ഉണർന്നിരിക്കുന്ന മനസ്സാണ് മാറ്റങ്ങൾ

ഉണ്ടാക്കേണ്ടത് . പുതിയ ബദലുകൾ കണ്ടെത്തുന്നതുവരെ നമ്മുടെ മുന്നിൽ ഒരൊറ്റ വഴിയേ ഉള്ളൂ..

" പ്ലാസ്റ്റിക്കിന്റെ ഉൽപാദനവും ഉപഭോഗവും കുറക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്......"





**ecoclub coordinators**

**DHANYA**
**AMRUTHABINDU**

# عالم الكتب الرقمية

في عالم الكتب الرقمية يتلألأ
مجلةٌ تتربع على عرش الجمال
صفحاتها كالأزهار المتناثرة
ترسم لوحة الثقافة والفن بألوان زاهية

تنبض بالحكايات والمعاني العميقة
تأخذنا في رحلة إلى عوالم بعيدة
بصوتها الرقمي تنادينا للاستكشاف
تزرع في قلوبنا بذور الفهم والتجديد

عبر صفحاتها نعيش مغامرات العقل
ونتذوق أطياف الثقافات المختلفة
في عالمٍ رقمي يتوهم الورق

RAHNA A P
HST ARABIC


























# കായികം




## ഒപ്പന

മലബാറിലെ മുസ്ലിം വീടുകളിൽ കല്യാണത്തിന് ഒഴിച്ച് കൂട്ടാൻ പറ്റാത്ത കലാരൂപമാണ് ഒപ്പന. മണവാട്ടിക്ക് ചുറ്റും കൂട്ടുകാരികൾ വട്ടത്തിൽ നിന്നും ഇരുന്നും ചാഞ്ഞും പാട്ടിനൊപ്പിച്ച് കൈ കൊട്ടി പാടി കളിക്കുന്ന ഒരു ദൃശ്യകലാരൂപം കൂടിയാണ് ഒപ്പന. വഴി നീളം, വിരുത്തം, ചായൽ, മുറുക്കം, മൈലാഞ്ചിപ്പാട്ട്, പോക്ക് വഴിനീളം എന്ന രൂപത്തിലാണ് പാട്ടുകൾ ചിട്ടപ്പെടുത്തുന്നത്. പാട്ടുകൾ രചിക്കുന്നതിലും പ്രത്യേകതകളുണ്ട് ... കമ്പി, കഴുത്ത്, വാലുമ്മൽ കമ്പി എന്നീ പേരുകളിലാണ് ഇതിന്റെ പ്രാസവ്യവസ്ഥ അറിയപ്പെടുന്നത്. ഇന്ന് കലോത്സവ വേദികളിൽ ഏറ്റവും കൂടുതൽ ആസ്വാദകരെ ഇരുത്തന്നതും ഈ കലാരൂപം തന്നെയാണ്. ഒരു മണവാട്ടിയും മൂന്ന് പാട്ട് കാരും ആറ് കളിക്കാരും അടങ്ങുന്നതാണ് ടീം അംഗങ്ങൾ .... വെള്ളക്കാച്ചിയും വെള്ള ബ്ലൗസും മാങ്ങാത്തട്ട വുമാണ് കളിക്കാരുടെ വേഷം. ഏറെതിളക്കമുള്ള വസ്ത്രങ്ങളാണ് മണവാട്ടി ധരിക്കുന്നത്. ചവിടി, മാങ്ങാ മാല, അരഞ്ഞാണം, കമ്മല്, ചിറ്റ് എന്നിവയാണ് ആഭരണങ്ങൾ...



**HARIS E**
**HST MALAYALAM**

# എന്റെ മൈസൂർ യാത്ര


നാല് മണിക്കാണ് എഴുന്നേറ്റത് നല്ല തണുപ്പുണ്ട് , 5.30 നേക്ക് സ്കൂളിൽ എത്തണം
പുറത്ത് മഞ്ഞ് വീഴുന്ന ശബ്ദം കേൾക്കുന്നുണ്ട്.
കുളിക്കാൻ ചൂടുവെള്ളം കിട്ടിയത് ഭാഗ്യം തന്നെ
5 മണിക്ക് മുമ്പേ റെഡിയായി. മിസ്രിയയുടെ ഉപ്പയുടെ ഓട്ടോയിലാണ് സ്കൂളിൽ എത്തിയത്.

ബസിലായിരുന്നു യാത്ര ഞങ്ങൾ എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു.
ഏതോ ഒരു പെട്രോൾ പമ്പിലായിരുന്നു പ്രഭാത ഭക്ഷണം. വെള്ളാപ്പം എനിക്ക് ഇഷ്ടമില്ല അത് കൊണ്ട് കഷ്ടിച്ച് ഒന്ന് കഴിച്ചു, അവിടുന്ന് ആദ്യമായി കാളവണ്ടി കണ്ടു ഫോറസ്റ്റിലൂടെയുള്ള യാത്ര വളരെ രസകരമായിരുന്നു
കരടിയേയും മാൻകുട്ടത്തേയും കണ്ടു.
കാട് കഴിഞ്ഞപ്പോഴാണ് പാട്ടും ഡാൻസുമൊക്കെ ഉഷാറായത്.
ഞാൻ ബാഗിലുള്ള മസാല കടലയെടുത്ത് കൂട്ടുകാർക്കും ടീച്ചേർസിനും കൊടുത്തു.
അങ്ങനെ ഞങ്ങൾ മൈസൂർ മൃഗശാലയിലെത്തി ഇതുവരെ കാണാത്ത ഒരുപാട് ജീവികളെ കണ്ടു അതിൽ പേടി തോന്നിയത് പാമ്പിനെ കണ്ടപ്പോഴാണ് .
നടന്നു നടന്നു നല്ല ക്ഷീണം തോന്നി നല്ല വിശപ്പും
കുറച്ചപ്പുറത്തുള്ള സ്കൂളിനടുത്തായിരുന്നു ഉച്ചഭക്ഷണം, ബിരിയാണി കണ്ടപ്പോൾ സന്തോഷം തോന്നി വയറു നിറയെ കഴിച്ചു. പിന്നീടുള്ള യാത്ര പാലസിലേക്കായിരുന്നു .
കുറേ ഫോട്ടോ എടുത്തു മദാമ്മയുടെ കൂടെയുള്ള ഫോട്ടോയായിരുന്നു രസകരമായത്.
പിന്നീട് ടിപ്പു ടോമ്പിലേക്കായിരുന്നു യാത്ര പോയത് അതിനു മുമ്പിലുള്ള പൂന്തോട്ടത്തിൽ ഞങ്ങൾ കളിച്ചു.

രാത്രിയായി ബൃന്ദാവൻ ഗാർഡനിലാണ് പിന്നീട് പോയത്
മ്യൂസിക്കും ഒപ്പം ജലനൃത്തവുമായിരുന്നു അവിടുത്തെ കാഴ്ച്ച. അത് കഴിഞ്ഞ് ഷോപ്പിംഗിനു പോയി അനിയത്തിക്കും എനിക്കും ലൈറ്റുള്ള ബോളും രണ്ട് മാലയും ഉമ്മച്ചിക്ക് ഒരു വാച്ചും വാങ്ങി. പൊറാട്ടയായിരുന്നു രാത്രി ഭക്ഷണം,
തിരിച്ചുള്ള യാത്ര വളരെ രസകരമായിരുന്നു ഡാൻസും പാട്ടും എല്ലാം....

പിന്നെ ഓരോരുത്തരായി ഉറങ്ങാൻ തുടങ്ങി വണ്ടി നിർത്തിയപ്പോഴാണ് ഞെട്ടി ഉണർന്ന് മിസ്രിയയുടെ ഉപ്പയുടെ ഓട്ടോയിൽ തന്നെയായിരുന്നു തിരിച്ചും വീട്ടിൽ പോയത്.
വീട്ടിലെത്തിയപ്പോഴാണ് ബാഗിലുള്ള ഉണ്ണിയപ്പത്തിൻ്റെ കാര്യം ഓർമ്മ വന്നത്.
മൈസൂരിൽ പോയി തിരിച്ച് വന്ന ഉണ്ണിയപ്പത്തെ കണ്ട് എല്ലാവരും ചിരിച്ചു എന്നിരുന്നാലും മൈസൂർ യാത്ര വല്ലാത്ത അനുഭവമായിരുന്നു.

ആയിഷ ഫിദ
3-B



## കോളനി സന്ദർശനം..

ABDUL GAFOOR
HST MALAYALAM

ഇന്നത്തെ കോളനി യാത്ര  മോഡൽ പരീക്ഷക്ക് ഹാജറാവാതിരുന്ന ബിജിത്തിനെ തേടിയായിരുന്നു. കഴിഞ്ഞ ദിവസവും ഞാനും ഹാരിസ് മാഷും കൊച്ചാറയിലെ അവന്റെ കോളനി സന്ദർശിച്ചിരുന്നു. ഇന്നലെ പരീക്ഷ എഴുതിയ അവൻ, വൈകുന്നേരം പോകുമ്പോൾ  എന്നോട് പറഞ്ഞത് – "എനി എന്നെ നോക്കി നിങ്ങ വരണ്ട "– ഞാൻ വെറുതെ ഓർത്തു പോയി.

കോളനിയിലെത്തുമ്പോൾ അഞ്ചാം ക്ലാസുകാരി ശാലിനി, റേഷൻ കടയിൽ നിന്ന് കിട്ടുന്ന പൊടി കലക്കി പുറത്തെ അടുപ്പിൽ ദോശക്കല്ല് വെച്ച് ദോശ ചുടുകയാണ്. അൽപ സമയം അവൾ ദോശ ചുടുന്നത് നോക്കി നിന്നു. അമീബയുടെ ഷെയ്പ്പിൽ രൂപം പ്രാപിച്ച ആദ്യത്തെ ദോശ മുറ്റത്ത് കെട്ടിയിട്ടിരുന്ന പട്ടിക്ക് സ്നേഹത്തോടെ ഊട്ടി. അമ്മ അതിരാവിലെ പണിക്ക് പോയതാണ്. പത്തര മണിയായിട്ടും ആ വീട്ടിൽ ഒരു കട്ടൻ ചായ തിളപ്പിച്ചിട്ടില്ല. ഇന്നലെ രാത്രി 8 മണിക്ക് മുമ്പ് കഴിച്ച ഭക്ഷണത്തിൻ്റെ ബലത്തിലാണ് ആ കുട്ടിയടക്കം കഴിയുന്നന്. ഇന്നലെ ചിക്കൻ വാങ്ങാൻ മറന്നത് കാരണം  പ്രഭാത ഭക്ഷണം കഴിക്കാതെ പിണങ്ങിപ്പോയ എന്റെ മക്കളെ ഞാൻ ഓർത്തു പോയി. ബിജിത്തിന്റെ ഏട്ടൻ എന്റെ മുമ്പിൽ നിൽക്കുന്നു. മാനന്തവാടി മെഡിക്കൽ കോളജിലെ മാനസികാരോഗ്യ വിഭാഗത്തിൽ ചികിത്സയിലാണവൻ. അവിടത്തെ ലേഡി ഡോക്ടർ നൽകുന്ന സ്ട്രോങ്ങ് ഗുളികകൾ അവന് 80 വയസ്കാരന്റെ അവശത സമ്മാനിച്ചിരിക്കുന്നു. അഴിഞ്ഞ് തൂങ്ങിയ ജീൻസ് മുട്ടിൽ തടഞ്ഞ് നിൽക്കുന്നു. അത് കയറ്റിയിടാൻ പോലും അവന് കഴിയുന്നില്ലെന്ന് അയലത്ത് താമസിക്കുന്ന മൂത്തമ്മ കൂട്ടിച്ചേർത്തു. അവൻ്റെ ദൈന്യത കണ്ട് ,ഞാൻ നൽകിയ നൂറു രൂപയുമായി അവൻ വേച്ച് വേച്ച് നടന്ന് പോയി.

അന്വേഷിച്ച് പോയ വിജിത്ത് കിടക്കപ്പായ വിട്ടുണർന്നിട്ടില്ല. വിളിച്ചുണർത്തി. ഏക്ക് വയ്യ ഇന്ന് വരുന്നില്ല സാർ– അവൻ പറഞ്ഞ് നിർത്തി. നേരത്തെ പോവാത്തത് കൊണ്ട് സ്കൂളിലെ പ്രഭാത ഭക്ഷണം കിട്ടില്ലെന്നാണ് അവൻ കരുതിയിരിക്കുന്നത്. വിശപ്പിന്റെ വിളി സോഷ്യൽ പരീക്ഷയെക്കാൾ വലുതാണെന്ന് എനിക്ക പ്പോൾ തോന്നി. പോവുന്ന വഴിക്ക് ഭക്ഷണം വാങ്ങിത്തരാ മെന്ന് പറഞ്ഞപ്പോൾ അവൻ ഒരുങ്ങാൻ തയ്യാറായി. മുഖം കഴുകി യൂനിഫോം അണിഞ്ഞ് വണ്ടിയുടെ അടുത്തേക്ക് വന്നു. നേരെ ശറഫുവിൻ്റെ ചായക്കടയിലേക്ക്. വയറ് നിറച്ച് കടിയും ചായയും വാങ്ങി നൽകി. പകുതി സമയം പിന്നിട്ട സോഷ്യൽ സയൻസ് പരീക്ഷാ ഹാളിലേക്ക് . സോഷ്യലിസത്തിൻ്റെ നിർവചനം ഉത്തരമായി എഴുതാൻ......

# സംഗ്രഹം

സ്കൂൾ ഡിജിറ്റൽ മാഗസിൻ വിദ്യാർത്ഥികളുടെ നേട്ടങ്ങൾ പ്രദർശിപ്പിക്കുന്നതിനും പ്രധാനപ്പെട്ട വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും സ്കൂളിനുള്ളിൽ കമ്മ്യൂണിറ്റിയുടെ ഒരു ബോധം വളർത്തുന്നതിനുമുള്ള ഒരു പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥി പ്രൊഫൈലുകൾ, അക്കാദമിക് നേട്ടങ്ങൾ, കായിക ഇവന്റുകൾ കവറേജ്, കല, സാഹിത്യ പ്രദർശനങ്ങൾ, സ്കൂൾ വാർത്തകൾ, വരാനിരിക്കുന്ന ഇവന്റുകൾ എന്നിവ പോലുള്ള വൈവിധ്യമാർന്ന ഉള്ളടക്കങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഡിജിറ്റൽ പബ്ലിഷിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് മാഗസിൻ രൂപകൽപ്പന ചെയ്തിരിക്കുന്നത് കൂടാതെ ടെക്സ്റ്റ്, ഇമേജുകൾ, ഗ്രാഫിക്സ് എന്നിവയ്ക്കൊപ്പം ദൃശ്യപരമായി ആകർഷകമായ ലേഔട്ടുകൾ ഫീച്ചർ ചെയ്യുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ എന്നിവരിൽ നിന്ന് ഉള്ളടക്കം ശേഖരിക്കുകയും പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് എഡിറ്റിംഗും പ്രൂഫ് റീഡിംഗും നടത്തുകയും ചെയ്യുന്നു. മാഗസിൻ പിന്നീട് ഡിജിറ്റലായി പ്രസിദ്ധീകരിക്കുകയും സ്കൂൾ കമ്മ്യൂണിറ്റിയിലേക്കും അതിനപ്പുറത്തേക്കും സ്കൂൾ വെബ്സൈറ്റ്, ഇമെയിൽ, സോഷ്യൽ മീഡിയ എന്നിങ്ങനെയുള്ള വിവിധ ചാനലുകളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നു. വായനക്കാരുമായുള്ള അതിന്റെ തുടർച്ചയായ പ്രസക്തിയും ഇടപഴകലും ഉറപ്പാക്കുന്നു.

# THANK YOU

